"ഭരണഭാഷ - മാതൃഭാഷ"

**അടിയന്തിരം**

## വ്യാവസായിക പരിശീലന വകുപ്പ്
### (കേരള സംസ്ഥാനം)

നമ്പർ: ജി1/137/2015

ചാക്ക, തിരുവനന്തപുരം
തീയതി: 22.12.2015

### ചുറ്ററിയിപ്പ്

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്-ട്രെയിനിംഗ് ഡയറക്ടറേറ്റ്-സർട്ടിഫിക്കറ്റുകൾ കൈപ്പറ്റുന്നതിന് സ്ഥാപനത്തിലെ ഉദ്യോഗസ്ഥരെ നിയോഗിക്കണമെന്ന കർശന നിർദേശം നൽകുന്നത് - സംബന്ധിച്ച്

***************

ഈ വകുപ്പിന്റെ നിയന്ത്രണത്തിൽ നടത്തിയിട്ടുള്ള വിവിധ പരീക്ഷകൾ പാസാകുന്ന ട്രെയിനികളുടെ പ്രൊവിഷണൽ സർട്ടിഫിക്കറ്റുകൾ/നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റുകൾ അതത് സ്ഥാപനമേധാവികൾക്കോ സ്ഥാപനമേധാവികൾ രേഖാമൂലം നിയോഗിക്കുന്ന സ്ഥാപനത്തിലെ ഉദ്യോഗസ്ഥർക്കോ മാത്രമേ വിതരണം നടത്തുകയുള്ളു എന്നുള്ള കർശന നിർദ്ദേശം പലതവണ നൽകിയിട്ടുള്ളതാണ്. എന്നാൽ ചില സ്വകാര്യ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർ സർട്ടിഫിക്കറ്റുകൾ കൈപ്പറ്റുന്നതിനായി അതത് ട്രെയിനികളെ രേഖാമൂലം ചുമതലപ്പെടുത്തി വിടുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. തങ്ങളുടെ സ്ഥാപനത്തിൽ നിന്ന് ട്രെയിനിംഗ് വിജയകരമായി പൂർത്തിയാക്കുന്ന ട്രെയിനികൾക്കുള്ള സർട്ടിഫിക്കറ്റുകൾ ഡയറക്ടറേറ്റിൽ നിന്ന് കൈപ്പറ്റി വിതരണം നടത്തുന്നതിനുള്ള പൂർണ്ണ ഉത്തരവാദിത്തം അതത് സ്ഥാപനമേധാവികൾക്കാണെന്നിരിക്കെയാണ് ഇത്തരത്തിൽ ട്രെയിനികളെ സർട്ടിഫിക്കറ്റ് കൈപ്പറ്റുന്നതിനായി നിയോഗിക്കുന്നത് തെറ്റായ കീഴ്വഴക്കമാണ്. സർട്ടിഫിക്കറ്റ് കൈപ്പറ്റുന്നതിന് അതത് സ്ഥാപനമേധാവികളോ അവർ നിയോഗിക്കുന്ന സ്ഥാപനത്തിലെ ഉദ്യോഗസ്ഥരോ ഹാജരാകേണ്ടതാണ്. ഉദ്യോഗസ്ഥരെ നിയോഗിക്കുമ്പോൾ അവരുടെ ഒപ്പ് സാക്ഷ്യപ്പെടുത്തി നൽകേണ്ടതാണ്. ആയതിൽ വീഴ്ച വരുത്താൻ പാടുള്ളതല്ല. ടി നിർദ്ദേശം പാലിക്കാതെ ട്രെയിനികളെ സർട്ടിഫിക്കറ്റ് കൈപ്പറ്റുന്നതിന് നിയോഗിച്ചാൽ ടി സ്ഥാപനമേധാവികൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമെന്ന് പ്രത്യേകം ഓർമ്മപ്പെടുത്തുന്നു.

**ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി**

എല്ലാ സർക്കാർ/സ്വകാര്യ/എസ്.സി.ഡി.ഡി. ഐ.ടി.ഐ. പ്രിൻസിപ്പാൾമാർക്കും

പകർപ്പ്:- വകുപ്പ് വെബ്സൈറ്റിലേക്ക്

എസ്സ്/05.01